# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6694

04.04.2018-ൽ മറുപടിക്ക്

## സ്കൂളുകളിൽ ഐ.ടി. അദ്ധ്യാപകർ

ചോദ്യം

ഉത്തരം

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

പ്രൊഫ: സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഐ. ടി. പഠനത്തിനായി അദ്ധ്യാപകരെ നിയമിക്കുന്നുണ്ടോ; ഇതിന് അദ്ധ്യാപക തസ്തിക ഉണ്ടാക്കിയിട്ടുണ്ടോ;വ്യക്തമാക്കുമോ;<br><br>ബി) ഇവർക്ക് ശമ്പളം നൽകുന്ന രീതി എന്തെന്ന് വ്യക്തമാക്കുമോ ; | എ) യും ബി) യും സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിൽ ഐ.ടി പഠനത്തിനായി പ്രത്യേകം അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകിയാണ് 2002-03 അദ്ധ്യയന വർഷം മുതൽ സ്കൂളുകളിൽ ഐ.ടി. പഠനം നടപ്പിലാക്കുന്നത്. |
| സി) പി.ടി.എ.കൾ നിയമിക്കുന്ന കമ്പ്യൂട്ടർ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നത് ആരാണ്; വ്യക്തമാക്കുമോ; | സി) ഐ.ടി.@ സ്കൂൾ (കൈറ്റ്) പദ്ധതി ആരംഭിച്ച കാലത്ത് ഹൈസ്കൂൾ ക്ലാസുകളിൽ ഐ.ടി. പഠിപ്പിക്കുന്നതിന് നിലവിലുള്ള അദ്ധ്യാപകരെ സഹായിക്കുന്നതിന് സ്കൂൾ പി.ടി.എ യുടെ സാമ്പത്തിക സഹായത്തോടെയും സമിതിയുടെ തന്നെ പൂർണ്ണ ചുമതലയിലും ഇൻസ്ട്രക്ടർമാരെ നിയമിച്ചിരുന്നു. അതിനുശേഷം ഐ.ടി.@ സ്കൂളിന്റെ നേതൃത്വത്തിൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് മതിയായ ഐ.ടി.പരിശീലനം നൽകുകയും, ഐ.ടി.ക്ലാസുകൾ കൈകാര്യം ചെയ്യുവാൻ അവർ പ്രാപ്തരാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും പി.ടി.എ.യുടെ സാമ്പത്തിക സഹായത്തോടെ താത്കാലിക നിയമനം വഴി സേവനം അനുഷ്ഠിച്ചിരുന്ന ഇൻസ്ട്രക്ടർമാരുടെ സേവനം അവസാനിപ്പിച്ചിട്ടുണ്ട്. |
| ഡി) സംസ്ഥാനത്ത് സ്കൂളുകളെ ഹൈടെക്ക് ആക്കി മാറ്റുന്ന വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി മുന്നോട്ടുപോകുന്ന അവസരത്തിൽ സ്കൂളുകളിൽ ഐ.ടി പഠിപ്പിക്കുവാൻ അദ്ധ്യാപകരില്ലെന്ന കാര്യം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുമോ;<br><br>ഇ) ഐ.ടി അദ്ധ്യാപക തസ്തികകളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | ഡി) യും ഇ) യും സ്കൂളുകൾ ഹൈടെക്കായി മാറുമ്പോൾ എല്ലാ വിഷയങ്ങളും ഐ.ടി ഉപയോഗിച്ച് പഠിപ്പിക്കേണ്ടതിനാൽ പ്രത്യേക ഐടി അദ്ധ്യാപകരുടെ ആവശ്യമില്ല. എല്ലാ അദ്ധ്യാപകരെയും ഹൈടെക് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുന്ന വിധത്തിൽ പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ